വർക്ക് അവശേഷിക്കുന്നുണ്ട്, ഇതിന് അഞ്ച് (5) ലക്ഷം രൂപ ബഡ്ജറ്റിൽ പ്രോവിഷനുമുണ്ട്. കഴിയുന്നതുംവേഗം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കി മറ്റുതരത്തിൽ പ്രവർത്തനം നടത്താൻ അനുമതി നൽകുന്നതാണ്.

(3) മുകുന്ദപുരം താലൂക്കാഫീസ് വക ജീപ്പ് ഫോറസ്റ്റധികൃതർ പിടിച്ചെടുക്കാനിടയാക്കിയ സംഭവം സംബന്ധിച്ച്

ശ്രീ. വി. കെ. രാജൻ: സർ, മുകുന്ദപുരം തഹസീൽദാർക്ക് ഔദ്യോഗികാവശ്യത്തിന് സർക്കാരിൽനിന്ന് അനുവദിക്കപ്പെട്ട കെ.ആർ.ആർ.6788 നമ്പർ ജീപ്പ് അനാശാസ്യ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നു. അദ്ദേഹത്തെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. വ്യഭിചാരം, മദ്യപാനം തുടങ്ങിയിട്ടുള്ള എല്ലാ അനാശാസ്യ പ്രവർത്തനങ്ങൾക്കും അദ്ദേഹം ഈ ജീപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. അടുത്തൊരു ദിവസം ചാലക്കുടി ഫോറസ്റ്റ് റേഞ്ചിൽ കരിങ്കുരങ്ങിനെ നായാടുന്നതിനുവേണ്ടി ഈ ജീപ്പും കൊണ്ടുപോയി. അദ്ദേഹത്തിന് പരിശീലനം കൊടുത്തത് പണ്ട് തൃശ്ശൂരിലുണ്ടായിരുന്ന ശ്രീവാസ്തവ എന്നു പറയുന്ന ഡി.വൈ.എസ്.പി. ആയിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനായിട്ടാണ് ഈ തഹസീൽദാർ വളർന്നുവന്നത്. ഈ തഹസീൽദാർ കൊടുങ്ങല്ലൂർ തഹസീൽദാരായിരുന്ന അവസരത്തിൽ നിരവധി ആരോപണങ്ങളുണ്ടായിട്ടുണ്ട്. സിമൻറ് പെർമിറ്റ് വിൽക്കുകയും അതിന്റെ പേരിൽ രണ്ടു വിജിലൻസ് കേസ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. എന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ഈ തഹസീൽദാരെ കൊടുങ്ങല്ലൂരിൽനിന്ന് മുകുന്ദപുരം താലൂക്കാഫീസിലേക്ക് റവന്യൂ വകുപ്പുമന്ത്രി മാറ്റുകയുണ്ടായി. അവിടെ ചെന്നതിനുശേഷമുണ്ടായ പരാതികളെ സംബന്ധിച്ച് വീണ്ടും വിജിലൻസ് എൻക്വയറി ആരംഭിച്ചിരിക്കുകയാണ്. ഈ ജീപ്പ് വെള്ളിയാഴ്ച മാളയിൽ ഡ്യൂട്ടിക്ക് ഇട്ടിരുന്നുവെങ്കിലും അന്ന് അർദ്ധരാത്രി ഇത് ചാലക്കുടിയിൽ വച്ച് ഡി.എഫ്.ഒ. കസ്റ്റഡിയിലെടുത്തു. കേസ് ചാർജ്ജ് ചെയ്തത് മഹസ്സറിൽതന്നെ ഈ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ ജീപ്പ് എങ്ങനെ അവിടെപോയി എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചിട്ടില്ല, ഇതിനെ സംബന്ധിച്ച് യാതൊരു നടപടിയും ഇപ്പോഴും സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല മൂന്നുവർഷക്കാലത്തിലധികം താലൂക്ക് തഹസീൽദാർ പദവിയിൽ ഒരാളെത്തന്നെ വയ്ക്കാൻ പാടില്ലായെന്നുണ്ട്. അഞ്ചുവർഷമായിട്ടും ഈ തഹസീൽദാർ തുടരുകയാണ്. കൊടുങ്ങല്ലൂരാണെങ്കിൽ ഒരു ചെറിയ താലൂക്കാണ്, മുകുന്ദപുരം വലിയൊരു താലൂക്കാണ്. അങ്ങോട്ടേയ്ക്കാണ് ഈ തഹസീൽദാരെ മാറ്റിയിരിക്കുന്നത്. ഈ കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രിയെ ഒന്നുകൂടി ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ ഈ തഹസീൽദാർ ഈ തസ്തികയിൽ തുടരാൻ അർഹനല്ല, ഇത് അപമാനമാണ്, ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ബഹുമാനപ്പെട്ട രാജൻ പറഞ്ഞ സംഭവത്തെ സംബന്ധിച്ച് ചുരുക്കമായി അന്വേഷിക്കാനേ പറ്റിയിട്ടുള്ളൂ. ഇതിനെ സംബന്ധിച്ച കേസന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സമയത്ത് ഇതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും പറയുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നില്ല. ജീപ്പ് ആ സ്ഥലത്ത് ചെന്നതിനെ സംബന്ധിച്ച് ഡി.എഫ്.ഒ. കേസെടുത്തിട്ടുണ്ട്. തഹസീൽദാർ അവിടെ ഉണ്ടായതായി റിപ്പോർട്ടില്ല. കേസന്വേഷണം നടക്കുകയാണ്. ഞാൻ കൂടി ഈ അന്വേഷണത്തോടൊപ്പം കൂടുതലായി അന്വേഷിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(4) ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം കിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കെ. സി. ജോസഫ്: ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം ലഭിക്കാത്തതുമൂലം വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാകാൻ പോകുകയാണ്. ഈ യൂണിവേഴ്സിറ്റി ആരംഭിച്ചിട്ട് രണ്ടുവർഷം പൂർത്തിയായി എങ്കിലും ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. യു.ജി.സി. യുടെ അംഗീകാരം ലഭിച്ചിരുന്നുവെങ്കിൽ യൂണിവേഴ്സിറ്റിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയും അതുപോലെ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയും, ലാബറട്ടറി, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾക്കുവേണ്ടിയും കോടിക്കണക്കിനു രൂപ ഗ്രാന്റ് ലഭിക്കുമായിരുന്നു. ഇതുവരേയും ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഗണ്യമായ സാമ്പത്തിക നഷ്ടവും അതുമൂലം യൂണിവേഴ്സിറ്റിയുടെ ഭാവിയും അപകടത്തിലാകാൻ പോകുകയാണ്. കേരളം കൂടുതൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന അവസരത്തിൽ യു.ജി.സി.യുടെ സഹായം ഇല്ലാതെ യൂണിവേഴ്സിറ്റിക്ക് പ്രവർത്തിക്കുവാൻ സാധിക്കുകയില്ല, ഈ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ വളരെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാകും. കേരളയൂണിവേഴ്സിറ്റിയുടെ അധീനതയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉള്ളതുമായ കോളേജുകൾക്ക് ആറാം പദ്ധതി മുതൽ യു.ജി.സി. യുടെ സഹായം ലഭിച്ചിരുന്നു.. കഴിഞ്ഞവർഷം വരെ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ, ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ പരിധിയിൽ ഇപ്പോൾ ആയതുകൊണ്ട് ഈ കോളേജുകൾക്ക് ലഭിക്കാതിരിക്കുവാൻ പോകുകയാണ്. അതുകൊണ്ട് ഗൗരവമായി ഈ കാര്യം പരിഗണിച്ച് യു.ജി.സി. യുടെ അംഗീകാരം ഈ യൂണിവേഴ്സിറ്റിക്ക് ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകണം. അല്ലാത്തപക്ഷം ഗാന്ധിജി യൂണിവേഴ്സിറ്റിക്കും അതിന്റെ അതിർത്തിയിൽ ഉള്ള കോളേജുകൾക്കും വികസനത്തെ സംബന്ധിച്ചിടത്തോളം പ്രയാസം ഉണ്ടാകും. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ച് ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി.യുടെ അംഗീകാരം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. യുടെ അംഗീകാരം നൽകുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ അതിന്റെ ബന്ധപ്പെട്ട അധികാരികളുമായി പല സന്ദർഭങ്ങളിലും ഞാൻ നടത്തുകയുണ്ടായി. അടുത്തകാലത്തായി ഇൻഡ്യയുടെ പലഭാഗത്തുമായി ആരംഭിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾക്ക് എല്ലാംതന്നെ ചില പൊതുവായ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ ഈ സഭയിൽത്തന്നെ പറയുകയും, ഗാന്ധിജി യൂണിവേഴ്സിറ

LIBRARY ARCHIVES Kerala Legislative Assembly